I ഇ.ബി. XIII-കേരള നിയമസഭ/XIII-6

# പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

2015 മാർച്ച് 13, വെള്ളി

നിയമസഭ 2015 മാർച്ച് മാസം 13-ാം തീയതി രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(13.03.2015-ന് രാവിലെ 8.50-ഓടുകൂടി ചില പ്രതിപക്ഷാംഗങ്ങൾ ആരോപണവിധേയനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി ബഡ്ജറ്റ് അവതരണത്തിൽനിന്നും പിന്മാറണമെന്നാവശ്യപ്പെട്ട് മുദ്രാവാക്യം വിളിച്ച് ബഹു. സ്പീക്കറുടെ ഡയസ്സിൽ കയറി കൂട്ടംകൂടിനിന്ന് ഡയസ്സിലേയ്ക്കുള്ള പ്രവേശനകവാടത്തിൽ മാർഗ്ഗതടസ്സം സൃഷ്ടിക്കുകയും സ്പീക്കറുടെ കസേര വലിച്ച് സഭാതലത്തിലേയ്ക്ക് മറിച്ചിടുകയും മേശപ്പുറത്തുള്ള മൈക്ക്, കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ

നശിപ്പിക്കുകയും ചെയ്തു. തുടർന്ന് നിയമസഭയുടെ വാച്ച് & വാർഡ് വിഭാഗം സഭാ ഹാളിലേയ്ക്ക് പ്രവേശിച്ചു. പ്രതിപക്ഷാംഗങ്ങളും വാച്ച് & വാർഡുമായുള്ള ഉന്തുംതള്ളിനുമിടയ്ക്ക് ബഹു. സ്പീക്കർ ഡയസ്സിൽ പ്രവേശിക്കുകയും ബഹു. ധനകാര്യ വകുപ്പുമന്ത്രിയെ ബഡ്ജറ്റ് അവതരണത്തിനായി ക്ഷണിക്കുകയും ചെയ്തു. )

**ധനകാര്യം**

## 2015-16 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിന്റേയും വോട്ട് ഓൺ അക്കൗണ്ടിന്റെയും അവതരണം

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റും വോട്ട് ഓൺ അക്കൗണ്ടും അവതരിപ്പിക്കുന്നു. 2015-16 മുതൽ 2017-18 വരെയുള്ള സാമ്പത്തിക വർഷങ്ങളിലേയ്ക്കുള്ള Medium Fiscal Policy Statement-ഉം Strategy Statement-ഉം മേശപ്പുറത്തുവയ്ക്കുന്നു.

(പ്രതിപക്ഷ ബഹളത്തിനിടയിൽ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗം ഭാഗികമായി വായിച്ചശേഷം വിട്ടുപോയ ഭാഗങ്ങളടക്കം മുഴുവനും

വായിച്ചതായി അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സഭയുടെ മേശപ്പുറത്ത് വച്ചു.)

(ബഡ്ജറ്റ് പ്രസംഗം അവസാനിക്കുന്നതുവരെ പ്രതിപക്ഷ ബഹളവും ഉന്തും തള്ളും തുടർന്നുകൊണ്ടിരുന്നു.)

സഭ രാവിലെ 9.09-ന് പിരിഞ്ഞു.

********